I/109695/2023

**മിഷൻ വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിത ശിശു വികസന വകുപ്പ് –മിഷൻ വാത്സല്യ - ഇടുക്കി സ്വദേശി അമൃത വി.ജി എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സർക്കാർ ഉത്തരവ് നമ്പർ. സ.ഉ (സാധാ) നമ്പർ 730/2017/സാനീവ തീയതി 01.11.2017
2. ഇടുക്കി DCPO യുടെ കത്ത് നമ്പർ.17/2023 -24/DCPU/IDKPO(NIC) തീയതി:07/07/2023

**ഉത്തരവ് നം. DWCD/3843/2023 - ICPS 4 തീയതി: 05-08-2023**

ഇടുക്കി നെടുംക്കണ്ടം പഞ്ചായത്ത് വാർഡ് 16, ചക്കകാനം പ്രദേശത്ത് വാവനകളങ്ങര വീട്ടിൽ ശ്രീ.ഗോപി, ശ്രീമതി.മിനി ഗോപി എന്നീ ദമ്പതികളുടെ മകളായ അമൃത വി.ജി എന്ന കുട്ടിക്ക് കഴിഞ്ഞ ഏഴ് മാസമായി വലതു കാലിൽ കാൻസർ (Osteosarcama of Right Distal femur) ബാധിക്കുകയും, വലതു കാൽ മുറിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം RCC യിൽ ചികിത്സയിലാണ്. കുട്ടിയ്ക്ക് കൃത്രിമ കാൽ വെയ്ക്കുന്നതിന് 2,85,000/- രൂപ ചെലവ് വരുമെന്നും, കൂടാതെ താമസത്തിനും തുടർ പരിശോധനകൾക്കുമായി ഏകദേശം ഒരു ലക്ഷം രൂപയോളം ചിലവ് പ്രതീക്ഷിക്കുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ടി കുടുംബത്തിന് കുട്ടിയുടെ ചികിത്സാ ചിലവുകൾ കണ്ടെത്തുന്നത് ബുദ്ധിമുട്ടാണ് എന്നും ആയതിനാൽ കുട്ടിക്ക് ബാലനിധിയിൽ നിന്നും പരമാവധി അനുവദിക്കാവുന്ന തുകയായ 2,00,000/-രൂപ അനുവദിച്ച് നൽകണമെന്ന് ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള ഇടുക്കി നെടുംക്കണ്ടം പഞ്ചായത്ത് വാർഡ് 16, ചക്കകാനം പ്രദേശത്ത് വാവനകളങ്ങര വീട്ടിൽ ശ്രീ.ഗോപി, ശ്രീമതി.മിനി ഗോപി എന്നീ ദമ്പതികളുടെ മകളായ അമൃത വി.ജി എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ 13,229/-രൂപ **(പതിമൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയായ **13,229/-രൂപ (പതിമൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം)** ഇടുക്കി ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91 (P)-യിൽ നിന്നും അനുവദിക്കേണ്ടതും വനിത ശിശു വികസന ഓഫീസർ തുക അലോട്ടമെന്റായി ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കൃത്രിമ കാൽ വെച്ച ശേഷം ബിൽ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 2 ലക്ഷം രൂപയിൽ നിജപ്പെടുത്തി തുക അനുവദിച്ച് നൽകുന്നതാണ്.

PRIYANKA G
**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. ജില്ലാ വനിത ശിശു വികസന ഓഫീസർ, ഇടുക്കി
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

**gned by Priyanka G**
**te: 05-08-2023 13:54:57**